## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2844 — 22.06.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്

# തൊഴിലുറപ്പു പദ്ധതിയുടെ വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ. രാജു<br>,, വി. ശശി | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിലാളികൾക്ക് നൽകുന്ന പ്രതിദിനവേതനം എത്രയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയുമോ ; | എ) തൊഴിലാളികൾക്കുള്ള പ്രതിദിന വേതനം 150 രൂപയിൽ നിന്നും 164 രൂപയായി 01.04.2012 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) തൊഴിലുറപ്പു വേതനത്തിൽ മൊത്തം എത്ര തുക കുടിശ്ശികയുണ്ട്; പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; | ബി) 2012-13 സാമ്പത്തിക വർഷം തുടക്കത്തിൽ, തൊഴിലുറപ്പ് പദ്ധതിയിൽ 4273.41 ലക്ഷം രൂപ വേതന കുടിശ്ശികയുണ്ടായിരുന്നു. ആദ്യ ഗഡു കേന്ദ്ര വിഹിതം ലഭിച്ചതിനെ തുടർന്ന് വേതന കുടിശ്ശിക കൊടുത്ത് തീർത്തുകൊണ്ടിരിക്കുന്നു. ഒരാഴ്ചയ്ക്കുള്ളിൽ ഈ കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കാൻ കഴിയും. |
| സി) തൊഴിലാളികൾക്ക് കൃത്യമായി വേതനം നൽകാതെ പ്രസ്തുത പദ്ധതി അട്ടിമറിക്കാനുള്ള ശ്രമം നടക്കുന്നതായുള്ള ആക്ഷേപം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | സി) തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി വേതന വിതരണം കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ